**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – വയനാട് ജില്ലാ ശാസ്ത്രമേള – മേപ്പാടി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പതിനായിരം രൂപ സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.1659/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 02.06.2015

---

പരാമർശം:- 1. മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.12.2014 ലെ ഡി2-11750/14 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 23.03.2015 ലെ ജി1-5174/15 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലാ ശാസ്ത്ര-സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര, ഐ,ടി. പ്രവൃത്തി പരിചയമേള 17.11.2014, 18.11.2014 എന്നീ തീയതികളിൽ മേപ്പാടി ഗ്രാമപഞ്ചായത്തിലെ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച നടക്കുകയുണ്ടായി. ടി മേളയുടെ സംഘാടന ചെലവുകൾക്ക് മേപ്പാടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 10,000/- രൂപ (പതിനായിരം രൂപ മാത്രം) സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 17.11.2014, 18.11.2014 എന്നീ തീയതികളിൽ മേപ്പാടി ഗ്രാമപഞ്ചായത്തിലെ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്ന വയനാട് ജില്ലാ ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര, ഗണിതശാസ്ത്ര, ഐ,ടി. പ്രവൃത്തി പരിചയ മേളയുടെ സംഘാടന ചെലവുകൾക്ക് മേപ്പാടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പരമാവധി 10,000/- രൂപ (പതിനായിരം രൂപ മാത്രം) സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത മേളയുടെ ജനറൽ കൺവീനർ പരിപാടിയുടെ വരവ്-ചെലവ് കണക്കുകളുടെ ആഡിറ്റ് ചെയ്ത ധനവിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

പി.റംലത്ത്,

ഡെപ്യൂട്ടി സെക്രട്ടറി..

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

പ്രസിഡന്റ്/സെക്രട്ടറി, മേപ്പാടി ഗ്രാമ പഞ്ചായത്ത്, വയനാട് ജില്ല.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ധനകാര്യവകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.